**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2021-22 - റോഡ് സംരക്ഷണ ഫണ്ട് - മട്ടന്നൂർ നഗരസഭയ്ക്ക് പ്രത്യേക ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം7568/2021/ധന. തീയതി, തിരുവനന്തപുരം, 23 നവംബർ 2021

പരാമർശം: 1) മട്ടന്നൂർ നിയമസഭാഗത്തിന്റെ 10/07/2021 ലെ ആമുഖ കത്തോടപ്പമുള്ള മട്ടന്നൂർ നഗരസഭ ചെയർപേഴ്സന്റെ 04/06/2021 ലെ കത്ത്.
2) സ.ഉ.(സാധാ)നം.7375/2021/ധന തീയതി 16/11/2021.

ഉത്തരവ്

2018ൽ കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായതോടെ വിമാനത്താവള നഗരമെന്ന നിലയിൽ ഒട്ടേറെ അടിസ്ഥാന വികസന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നഗരവുമായി ബന്ധപ്പെട്ട ചില റോഡുകൾ ബൈപ്പാസ് റോഡുകളായി മാറ്റേണ്ടതുണ്ടെന്നും ഗ്രാമീണ റോഡുകൾ നവീകരിക്കേണ്ടതുണ്ടെന്നും അതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിന് മാറ്റം വരുത്തുന്നതിന് പ്രോജക്ടുകൾ നടപ്പിലാക്കാൻ അടിയന്തരമായി 10 കോടി രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള കത്തിൽ മട്ടന്നൂർ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2021-22 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഫണ്ടിലെ **"3054-80-192-37-NP"** എന്ന ശീർഷകത്തിൽ നിന്നും പരാമർശം (2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ നഗരസഭയ്ക്ക് (M130100) അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി **₹5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം)** പ്രത്യേക ധനസഹായമായി അനുവദിച്ച് ഉത്തരവാകുന്നു.

3. ഈ ഉത്തരവ് അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

സെക്രട്ടറി, മട്ടന്നൂർ നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1831162)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ